ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.11.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ഡൽഹി സ്ഫോടനത്തെ തുടർന്ന് ജാഗ്രത കർശനമാക്കി. അതിർത്തി പ്രദേശങ്ങളിൽ പരിശോധന ശക്തം. സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല അവലോകന യോഗം ചേരുന്നു.

   **Following the Delhi explosion, security has been tightened across the country. Security checks have been intensified in border areas. Union Home Minister Amit Shah is chairing a high-level review meeting.**

2. ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമഗ്ര അന്വേഷണം ആരംഭിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്.

   **Prime Minister Narendra Modi has said that the conspirators behind the Delhi blast will be brought to justice. Defence Minister Rajnath Singh inform that leading investigative agencies are conducting thorough inquiry into the incident.**

3. ഭീകരതയ്ക്ക് ധനസഹായം നൽകുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നയം സ്വീകരിക്കണമെന്ന് യു എൻ സുരക്ഷാ കൗൺസിലിൽ ഇന്ത്യ.

   **India has urged the UNSC to adopt a zero-tolerance policy towards those who fund or facilitate the movement of illicit weapons used in terrorism.**

4. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ടാം ഘട്ടം വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണി വരെ 31.38 ശതമാനം പോളിംഗ്. വോട്ടെണ്ണൽ വെള്ളിയാഴ്ച.

   **Polling is underway for second and final phase of assembly elections in Bihar. Voting Turn Out was registered 31.38 percent till 11 am. Counting will be held on Friday.**

5. ഈ വർഷത്തെ ബുക്കർ പുരസ്കാരം ഹംഗേറിയൻ ബ്രിട്ടീഷ് എഴുത്തുകാരൻ ഡേവിഡ് സാലെയ്ക്ക്.

   **Hungarian British author David Szalay was named the winner of the Booker Prize 2025.**

6. ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാമ്രാട്ട് റാണയ്ക്ക് സ്വർണം.

   **In World shooting Championship Samrat Rana bags Gold medal.**

**********

## DELHI BLAST (INTRO)

ഡൽഹിയിലെ സ്ഫോടനത്തെ തുടർന്ന് രാജ്യത്ത് ജാഗ്രത കർശനമാക്കി. അതിർത്തി പ്രദേശങ്ങളിൽ സുരക്ഷാസേന പരിശോധന ശക്തമാക്കിയിട്ടുണ്ട്.
വിശദാംശങ്ങളിലേക്ക്....

(വോയിസ്)

ഡൽഹി സ്ഫോടനത്തിന് പിന്നാലെ രാജ്യത്തെ തിരക്കേറിയതും, സുപ്രധാന മേഖലകളിലും ഉൾപ്പെടെ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. അന്വേഷണത്തോടൊപ്പം പൊതുജന

**സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ജാഗ്രത നടപടികളും പുരോഗമിക്കുകയാണ്. ഡൽഹിയിലെ ചുവപ്പ് കോട്ടയ്ക്ക് സമീപം ഇന്നലെയുണ്ടായ സ്ഫോടനത്തിൽ എട്ടു പേരാണ് മരിച്ചത്. നിരവധി പേർക്ക് പരിക്കേറ്റു. ലാൽ ക്വില മെട്രോ സ്റ്റേഷന് സമീപം ട്രാഫിക് സിഗ്നലിൽ കാർ പൊട്ടിത്തെറിച്ചാണ് അപകടമുണ്ടായത്. സ്ഫോടനം നടന്ന സ്ഥലവും പരിക്കേറ്റവരെ പ്രവേശിപ്പിച്ച എൽ.എൻ.ജെ.പി ആശുപത്രിയും കേന്ദ്രആഭ്യന്തര മന്ത്രി അമിത് ഷാ സന്ദർശിച്ചു. തുടർന്ന് വിശദാംശങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അദ്ദേഹം ധരിപ്പിച്ചു. സംഭവത്തിൽ രാഷ്ട്രപതി , ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രിമാർ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.**

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

**************

## SHAH MEETING – CAR INCIDENT

രാജ്യത്തെ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല സുരക്ഷാ അവലോകന യോഗം ആരംഭിച്ചു. കേന്ദ്രആഭ്യന്തര സെക്രട്ടറി, ഇൻറലിജൻസ് ബ്യൂറോ ഡയറക്ടർ, ഡൽഹി പോലീസ് കമ്മീഷണർ, ദേശീയ അന്വേഷണ ഏജൻസി-ഡയറക്ടർ ജനറൽ എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നു. ജമ്മുകശ്മീർ ഡി.ജി.പിയും യോഗത്തിൽ വെർച്വലായി പങ്കെടുക്കുന്നുണ്ട്.

**************

## PM-BHUTAN VISIT (INTRO)

ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്ഫോടനത്തിൽ ഉറ്റവരെ നഷ്ടമായവരുടെ വേദന മനസ്സിലാക്കുന്നതായി അദ്ദേഹം പറഞ്ഞു.

ഭൂട്ടാൻറെ നാലാമത്തെ രാജാവായിരുന്ന ജിഗ്മേ സിംഗ്യേ വാങ്ച്ചൂക്കിൻറെ 70-ാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കവെയാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

(വോയിസ്)

രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പാരോ വിമാനത്താവളത്തിൽ ഭൂട്ടാൻ പ്രധാനമന്ത്രി സ്വീകരിച്ചു. ഇന്ത്യയും ഭൂട്ടാനും സംയുക്തമായി വികസിപ്പിച്ച ആയിരത്തി ഇരുപത് മെഗാവാട്ട് ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും.

**********

**J- K- HIGH ALERT KATRA**

ജമ്മുകശ്മീരിലെ കത്രയിലുടനീളം ഭരണകൂടവും പോലീസും ജാഗ്രത ശക്തമാക്കി. മാതാ വൈഷ്ണോദേവി തീർത്ഥാടന കേന്ദ്രത്തിലും പരിസര പ്രദേശങ്ങളിലും സുരക്ഷാ നടപടികൾ കർശനമാക്കിയിട്ടുണ്ട്. കത്രയിലെ എൻട്രി-എക്സിറ്റ് പോയിൻറുകളിൽ പ്രത്യേക പരിശോധന ഏർപ്പെടുത്തി. വാഹനപരിശോധനയും ശക്തമാക്കിയിട്ടുണ്ട്.

**********

**RAJNATH-EARLY (INTRO)**

ഡൽഹി കാർ സ്ഫോടനത്തിന് ഉത്തരവാദികളായവരെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ Manohar Parrikar Institute for Defence Studies and Analyses ൽ നടന്ന ഡൽഹി ഡിഫൻസ് ഡയലോഗിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

ഡൽഹി സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം ആരംഭിച്ചതായും ശ്രീ രാജ്നാഥ് സിങ് അറിയിച്ചു.

**********

## Alert - Trivandrum Airport

ഡൽഹി കാർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലും കർശന ജാഗ്രതാ നിർദേശം. എല്ലാ ജില്ലകളിലേയും പ്രധാന റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, ആരാധനാലയങ്ങൾ ഉൾപ്പടെയുള്ള മറ്റു പ്രധാന കേന്ദ്രങ്ങൾ പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തി.- തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പുറപ്പെടുന്ന യാത്രക്കാർക്കുള്ള സുരക്ഷാ പരിശോധന പെരുമാറ്റച്ചട്ടങ്ങൾ വർദ്ധിപ്പിച്ചു. യാത്രക്കാർ പുറപ്പെടാൻ അനുവദിച്ചിട്ടുള്ള സമയത്തിനു മുമ്പ് എത്തിച്ചേർന്ന് സുരക്ഷാ പരിശോധനാ നടപടികളിൽ സഹകരിക്കണമെന്ന് നിർദേശമുണ്ട്.

**********

## PIB-FACT CHECK-DELHI BLAST

ഡൽഹി സ്ഫോടനവുമായി ബന്ധമുണ്ടെന്ന തരത്തിൽ പഴയ ഫോട്ടോ സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്നതായി പ്രസ് ഇൻഫർമേഷൻ ബ്യൂറോ. 2024-ൽ ലെബനനിൽ നടന്ന സ്ഫോടനത്തിൻറേതാണ് ചിത്രമെന്ന് പി.ഐ.ബിയുടെ ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു. ഇത്തരം പോസ്റ്റുകൾ പങ്കിടുന്നതിന് മുമ്പ് ആധികാരികത പരിശോധിക്കണമെന്നും പി.ഐ.ബി അറിയിച്ചു.

**********

## INDIA UNSC

ഭീകരതയ്ക്കായുള്ള ആയുധശേഖരണത്തിന് ധനസഹായം നൽകുകയോ സൗകര്യമൊരുക്കുകയോ ചെയ്യുന്നതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നയം സ്വീകരിക്കണമെന്ന് ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ ഇന്ത്യ അറിയിച്ചു. പതിറ്റാണ്ടുകളായി അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരെ രാജ്യം പോരാടുന്നുണ്ടെന്നും, അനധികൃത ആയുധക്കടത്ത് മൂലമാണ് ഇത്തരം സാഹചര്യങ്ങളെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി.ഹരീഷ് വ്യക്തമാക്കി.

**********

## PRESIDENT - ANGOLA

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ദ്വിരാഷ്ട്ര പര്യടനം തുടരുന്നു. ലുവാണ്ടയിൽ നടക്കുന്ന അംഗോളയുടെ 50-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. ഇന്നലെ അംഗോളൻ പാർലമെന്റിനെ അഭിസംബോധന ചെയ്ത ശ്രീമതി മുർമു ഇന്ത്യൻ സമൂഹവുമായും സംവദിച്ചു. ഇന്ന് ബോട്സ്വാനയിലേക്ക് യാത്ര തിരിക്കുന്ന രാഷ്ട്രപതി ബോട്സ്വാന പ്രസിഡൻറുമായി ഉഭയകക്ഷി ചർച്ച നടത്തും.

**********

## BIHAR - ELECTION

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണി വരെ 31.38 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. സുരക്ഷാ കാരണങ്ങളാൽ 7 നിയോജകമണ്ഡലങ്ങളിൽ വൈകുന്നേരം 5 മണിക്ക് പോളിംഗ് അവസാനിക്കും. 302 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

**********

## BYELECTION

ഏഴ് സംസ്ഥാനങ്ങളിലായി എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പും പുരോഗമിക്കുകയാണ്. ജമ്മു കാശ്മീരിൽ രണ്ടും ഝാർഖണ്ഡ്, മിസോറാം, ഒഢീഷ,പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന സംസ്ഥാനങ്ങളിലെ ഓരോ സീറ്റിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനൊപ്പം നവംബർ 14 നാണ് വോട്ടെണ്ണൽ.

**********

## ECI-KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം വെള്ളിയാഴ്ച പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. പത്രികകളുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന്

നടക്കും. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

**********

## SIR-KERALA

തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായി കേരളത്തിൽ എന്യൂമെറേഷൻ ഫോം വിതരണം ഒരു കോടി കവിഞ്ഞു. എട്ട് ദിവസം കൊണ്ടാണ് ഈ നേട്ടം കൈവരിച്ച തെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ. യു കേൽക്കർ പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പ് SIR നെ ബാധിക്കില്ലെന്നും വോട്ടർമാർ ഓൺലൈൻ സംവിധാനം ഫലപ്രദമായി വിനിയോഗിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

**********

## BOOKER PRIZE

ഈ വർഷത്തെ ബുക്കർ പുരസ്ക്കാരത്തിന് ഹംഗേറിയൻ ബ്രിട്ടീഷ് എഴുത്തുകാരൻ ഡേവിഡ് സാലെ അർഹനായി. ഫ്ലെഷ് എന്ന നോവലിനാണ് പുരസ്കാരം. 50,000 പൗണ്ടാണ് സമ്മാനത്തുക.

**********

## ISSF WORLD SHOOTING CHAMPIONSHIP

ഈജിപ്തിലെ കെയ്റോയിൽ നടക്കുന്ന ISSF ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാമ്രാട്ട് റാണ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റളിൽ സ്വർണം നേടി. ഇതോടെ വ്യക്തിഗത എയർ പിസ്റ്റൾ ലോക കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരമായി സാമ്രാട്ട് റാണ. മൂന്ന് സ്വർണം, മൂന്ന് വെള്ളി, മൂന്ന് വെങ്കലം ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം ഒമ്പതായി.

**********

## VANDE MATARAM

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. 1947 ഓഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് ഉണരുമ്പോൾ, പ്രശസ്ത ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പണ്ഡിറ്റ് ഓംകാർനാഥ് താക്കൂർ പാർലമെന്റിൽ അർദ്ധരാത്രിയിൽ വന്ദേമാതരത്തിന്റെ പൂർണരൂപം ആലപിച്ചു. ഇതിന്റെ

റെക്കോർഡു ചെയ്ത പതിപ്പ് അടുത്ത ദിവസം രാവിലെ 6:30 ന് ആകാശവാണിയിലൂടെ ജനങ്ങളിലെത്തി.

**********

## RAIN–KERALA

കേരളത്തിലെ തെക്കൻ ജില്ലകളിൽ ചില ഇടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

തിരുവനന്തപുരം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

**********

## STOCK+GOLD

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടം. സെൻസെക്സ് 151 പോയിൻറ് നഷ്ടത്തിൽ 83,384 ലും നിഫ്റ്റി 37 പോയിൻറ് ഇടിഞ്ഞ് 25,537 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. പവന് 1,800 രൂപ വർധിച്ച് 92,600 രൂപയും ഗ്രാമിന് 11,575 രൂപയുമാണ് ഇന്നത്തെ വില.

**********

******

***